LIBRARY ARCHIVES Kerala Legislative Assembly

വടക്കാഞ്ചേരി ഫയർ സ്റ്റേഷൻ

23 [824] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി കേന്ദ്രമാക്കി ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ ഫയർ സ്റ്റേഷനാവശ്യമായ സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഔദ്യോഗികമായി ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കിയിട്ടും ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കാനുള്ള കാലതാമസമെന്താണ് ;

(ഡി) എത്രയും വേഗം ഈ ഫയർ സ്റ്റേഷൻ പ്രവർത്തിപ്പിച്ച് തുടങ്ങുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 13-7-1998-ലെ ജി. ഒ. (എം.എസ്.) നമ്പർ 221/98/ആഭ്യന്തരം പ്രകാരം വടക്കാഞ്ചേരിയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി & ഡി) വടക്കാഞ്ചേരി ഫയർ സ്റ്റേഷനുവേണ്ടി തസ്തികകൾ സൃഷ്ടിക്കുന്നതിനും വാഹനങ്ങളും മറ്റുപകരണങ്ങളും വാങ്ങുന്നത് സംബന്ധിച്ച ഒരു ശുപാർശ സർക്കാർ പരിശോധിച്ചു വരുകയാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

പന്തളത്ത് ഫയർ സ്റ്റേഷൻ

24 [825] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളത്ത് അനുവദിച്ച ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ബി) പന്തളം എം. സി. റോഡിന്റെ സൈഡിൽ പോലീസ് വകുപ്പിന്റെ കൈവശമുള്ള 15 സെന്റോളം വരുന്ന പുറമ്പോക്ക് ഭൂമി പന്തളം ഫയർ സ്റ്റേഷനായി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) എന്നത്തേക്ക് പന്തളം ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?